**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2306** **13-09-2023 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രണ്ട് വർഷത്തിനുള്ളിൽ 124 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയത്. |
| (ബി) | കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ? | (ബി) | കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ്. രോഗികൾക്ക് വിശ്രമിക്കുന്നതിന് ആവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ പി രജിസ്ട്രേഷൻ കൗണ്ടർ, രോഗി സൗഹൃദ ശുചി മുറികൾ, നഴ്സ് പ്രീ ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗികൾക്ക് സ്വകാര്യത ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിങ് റൂം, ഒബ്സർവേഷൻ റൂം നഴ്സസ് സ്റ്റേഷൻ, അതി നൂതനമായ ലബോറട്ടറി, ഫാർമസി സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി വരുന്നു.കൂടാതെ രോഗികൾക്ക് ഇരിക്കാൻ എയർപോർട്ട് ചെയർ, കുടിവെള്ള വിതരണം, ഇമ്മ്യൂണൈസേഷൻ, ശ്വാസ്/ ആശ്വാസ് ക്ലിനിക്, ഇ-ഹെൽത്ത് സംവിധാനം എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ